(ഡി) ജില്ല തലസ്ഥാനങ്ങളിലുള്ള നഗരസഭകൾക്കുകൂടി എ. ഡി. ബി.-യുടെ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി എന്ത് നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(എഫ്) പ്രസ്തുത വിഷയം സംബന്ധിച്ച് എ. ഡി. ബി. യുമായി ചർച്ച നടത്തിയോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 1250 കോടി രൂപ.

(ബി) കൺസൾട്ടൻസിയെ നിയമിച്ചത് എ. ഡി. ബി. യാണ്.

(സി) അന്തിമതീരുമാനമായിട്ടില്ല.

(ഡി, ഇ) തൽക്കാലം 5 മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(എഫ്) ചർച്ച നടത്തിയിരുന്നു.

ഖരമാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം

110 [885] ശ്രീ. എം. മുരളി:

,, ജി. കാർത്തികേയൻ :

,, പ്രയാർ ഗോപാലകൃഷ്ണൻ :

,, ലൂഡി ലൂയിസ് :

,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്ക്കരണത്തിനുള്ള ബ്ലൂപ്രിന്റ് തയ്യാറാക്കി;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്ക്കരണ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 7 മുനിസിപ്പാലിറ്റികളിലും രണ്ടു കോർപ്പറേഷനിലും സംസ്ക്കരണത്തിന് ഭാഗികമായ സംവിധാനവും ഒരു കോർപ്പറേഷനിൽ പൂർണ്ണ സംസ്ക്കരണ സംവിധാനവും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 27 മുനിസിപ്പാലിറ്റികളും, 3 പഞ്ചായത്തുകളും സമ്പൂർണ്ണ ഖരമാലിന്യ സംസ്ക്കരണത്തിനുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷന്റെ സാങ്കേതിക പരിശോധനയ്ക്ക് ശേഷം 14 മുനിസിപ്പാലിറ്റിയുടെ പദ്ധതികൾ ഗവൺമെന്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി സമർപ്പിക്കാത്ത മുനിസിപ്പാലിറ്റിക്കളോടും, പഞ്ചായത്തുകളോടും ഖരമാലിന്യ സംസ്ക്കരണത്തിനുള്ള പദ്ധതി എത്രയുംവേഗം സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതുവരെയായി മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് പ്രധാനമായും പരിശോധിച്ചു വരുന്നത്. ഗ്രാമ പഞ്ചായത്തുകളിലും ഖരമാലിന്യ സംസ്ക്കരണ പദ്ധതി വ്യാപിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയ ഖരമാലിന്യ മാനേജ്മെന്റ്

111[886] **ശ്രീമതി ഗിരിജാ സുരേന്ദ്രൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയ ഖരമാലിന്യ മാനേജ്മെന്റ് വികസിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ക്ലീൻ കേരള പ്രോജക്ട് എന്നാണ് ആരംഭിച്ചത്; ഇതിനകം ഏതെല്ലാം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഖരമാലിന്യ മാനേജ്മെന്റ് നടപ്പാക്കുന്നതിന് 2004-05-ലെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവെച്ചത് ; ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2000-ാം മാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-3-2004-ലെ സ. ഉ. നമ്പർ 40/04/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്ക്കരണ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുത്തിട്ടുണ്ട്. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള മാലിന്യശേഖരണം, ശാസ്ത്രീയമായി നിജപ്പെടുത്തിയ തെരുവ് ശുചീകരണം, കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ, സംസ്ക്കരണ പ്ലാന്റ്, പരിസ്ഥിതിപരമായ ലാന്റ് ഫില്ലിംഗ് സൗകര്യം ഇവ ഉൾപ്പെടുന്ന സംയോജിത ഖരമാലിന്യ പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്.